**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4796 — 27/06/2014-ൽ മറുപടിയ്ക്ക്

## നാളികേര കൃഷിയുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും**<br>**അച്ചടിയും സ്റ്റേഷനറിയും**<br>**വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് നാളികേര കൃഷി വർദ്ധിപ്പിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധ ശേ-ഷിയുമുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ചു പിടിപ്പിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) കേര കൃഷിയിൽ തേങ്ങയിടുന്നതിനും, മരുന്നു തളിക്കുന്നതിനുമുള്ള തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി "കേരസമൃദ്ധി" എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കുന്നതാണ്. മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയനുസരിച്ച് കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതാണ്.<br>ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം സംസ്ഥാനത്ത് കേരള പിറവി ദിനത്തിൽ (01/11/2013) ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ / സങ്കരയിനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) നാളികേര ഉത്പന്നങ്ങൾ പ്രചരിപ്പിക്കുന്ന-തിനും നാളികേര കൃഷി ആദായകരമായി മാറ്റുന്നതിനുമുള്ള പദ്ധതികൾ വിശദമാക്കുമോ? | സി) നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന പച്ചതേങ്ങ സംഭരണം നടത്തി വരുന്നു. കേരഫെഡിനാണ് സംഭരണ ചുമതല. നിലവിവിൽ ഒരു കിലോ പച്ച തേങ്ങ 26 രൂപയ്ക്കാണ് സംഭരിച്ച് വരുന്നത്. കൂടാതെ നാളികേര കൃഷി ആദായകരമായി മാറ്റുന്നതിന് കേന്ദ്ര നാളികേര വികസന ബോർഡുമായി കൃഷി വകുപ്പ് സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നുമുണ്ട്.<br>വെളിച്ചെണ്ണ, നാളികേര പാൽ, ക്രീം, ഡെസിക്കേറ്റഡ് നാളികേരം തുടങ്ങിയ നാളികേര ഉൽപ്പന്നങ്ങൾ കേരഫെഡ് നിർമ്മിക്കുന്നുണ്ട്. ഇവ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**